<u>**പതിനാലാം കേരള നിയമസഭ**</u>

<u>പതിനാറാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം.4977

**14/11/2019 ൽ മറുപടിക്ക്**

# <u>മൂവാറ്റുപുഴയിൽ റീസർവ്വെ ആരംഭിക്കുന്നതിനുള്ള നടപടി</u>

<u>**ചോദ്യം**</u>
**ശ്രീ.എൽദോ എബ്രഹാം**

<u>**മറുപടി**</u>
**ശ്രീ.ഇ.ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | മൂവാറ്റുപുഴ താലൂക്കിലെ ഒരു വില്ലേജിലും റീസർവ്വെ നടപടികൾ പൂർത്തിയാക്കിയിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണം എന്താണെന്ന് അറിയിക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റീസർവ്വെ ജോലികൾക്കായി നിയോഗിക്കപ്പെട്ടിട്ടുള്ള നല്ലൊരു ശതമാനം ജീവനക്കാരെയും താലൂക്കിലെ എൽ.ആർ.എം ജോലികൾക്കും സർക്കാരിന്റെ വികസന പ്രവർത്തനം മുൻനിർത്തിയുള്ള അടിയന്തിര സർവ്വെ ജോലികൾക്കും, മറ്റ് സ്പെഷ്യൽ സർവ്വെ ജോലികൾ എന്നിവയ്ക്കായി വിനിയോഗിക്കുന്നതിനാലാണ് റീസർവ്വെ ജോലികൾ തടസ്സപ്പെടുകയും കാലതാമസം നേരിടുകയും ചെയ്യുന്നത്. |
| (ബി) | റീസർവ്വെ പൂർത്തിയാക്കാത്തതുമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് അടിയന്തിരമായി റീസർവ്വെ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | റീസർവ്വെ പൂർത്തിയാകാത്ത വില്ലേജുകളിൽ റവന്യൂ വകുപ്പ് മുഖാന്തിരം നിലവിൽ റവന്യൂ ഭരണത്തിലിരിക്കുന്ന റിക്കാർഡുകൾ പ്രകാരം പോക്കുവരവ് ചെയ്യുന്നതിനും കരം അടയ്ക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾക്ക് യാതൊരു തടസ്സവുമില്ലാത്തതാണ്. ആയതിനാൽ റീസർവ്വെ പൂർത്തിയാക്കാത്തതുമൂലം പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതായി കാണുന്നില്ല. എറണാകുളം ജില്ലയിലെ സർവ്വെയർമാരിൽ ഭൂരിഭാഗം ജീവനക്കാരേയും സ്പെഷ്യൽ സർവ്വെ, എൽ.എ ജോലികൾ, എൽ.ആർ.എം ജോലികൾ, എൻ.എച്ച് ജോലികൾ |

| | | | |
|---|---|---|---|
| | | | എന്നിവയ്ക്കായി നിയോഗിക്കേണ്ടി വരുന്നതിനാൽ റീസർവ്വെ ജോലികൾ പൂർണ്ണ തോതിൽ നിർവ്വഹിക്കുവാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. സർക്കാരിന്റെ അംഗീകൃത ഏജൻസികളെ നിയോഗിച്ച് സർവ്വെ ചെയ്യുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. ഇപ്രകാരമുള്ള നടപടികൾ ആരംഭിക്കുമ്പോൾ കൂടുതൽ വില്ലേജുകളിൽ റീസർവ്വെ നടപടികൾ പൂർത്തിയാക്കാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ